"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹിള കിസാൻ സശാക്തീകരൺ പരിയോജന (MKSP) പദ്ധതിയുടെ പരിശീലനത്തിന്റെ നോഡൽ ഏജൻസിയായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് (കില) 2020-21 വർഷത്തെ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വേണ്ടി 7.86 കോടി രൂപ കൈമാറുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ) നം.1037/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/06/2020

---

പരാമർശം:- തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.03.2020-ലെ കത്ത്.

**ഉത്തരവ്**

മഹിള കിസാൻ സശാക്തീകരൺ പരിയോജന (MKSP) പദ്ധതിയുടെ അടുത്ത വർഷത്തെ (2020-21) പരിശീലനത്തിന് ആവശ്യമായ 7.86 കോടി രൂപ കിലയ്ക്ക് നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്ന്, 2020 മാർച്ച് 7-ന് ചേർന്ന പദ്ധതിയുടെ കൺസോർഷ്യം യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് കോവിഡ്-19 വ്യാപനം മൂലമുണ്ടായ സവിശേഷ സാഹചര്യത്തിൽ 2020 മാർച്ച് മാസം നടത്താൻ ഉദ്ദേശിച്ചിരുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതിയുടെ 2020-21 വർഷത്തെ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് വേണ്ടി 7.86 കോടി രൂപ, എം.കെ.എസ്.പി പദ്ധതിയുടെ പരിശീലനത്തിനായി വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നിന്നും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് (കില) കൈമാറുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) മേൽ തുക ലഭിച്ച ശേഷം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) വിശദമായ ഒരു പരിശീലന പദ്ധതി തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്. ടി പരിശീലന പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസന കമ്മീഷണർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി പരിശോധിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
HARILAL.T.N.
അണ്ടർ സെക്രട്ടറി

പകർപ്പ്: ഗ്രാമവികസന കമ്മിഷണർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില),
മുളംകുന്നത്തുകാവ്, തൃശ്ശൂർ.

പ്രസിഡന്റ്, തൃശ്ശൂർ ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, MKSP പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ് (CoMPT), ഇ.ടി.സി ക്വാർട്ടേഴ്സ്, ഒല്ലൂക്കര, തൃശ്ശൂർ - 680655

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി വകുപ്പ്.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020. . 14:06:16 IST
Reason: Approved

സെക്ഷൻ ഓഫീസർ